ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വേണ്ടത്ര തുക വക കൊള്ളിച്ചിട്ടില്ലാത്തതു കാരണം പരിഗണിക്കുവാൻ സാധിച്ചില്ല.

(സി) അടുത്ത സാമ്പത്തികവർഷം സാമ്പത്തിക ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്.

ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും അയച്ച ലിസ്റ്റ്

1651 [2475] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം 31–10–1986 വരെ ജില്ലാ പഞ്ചായത്താഫീസിലേയ്ക്ക് ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് പാർട്ടൈം തസ്തികയിലേക്ക് എത്രപേരെ അയച്ചു;

(ബി) അതിലെത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടായിരുന്നു;

(സി) എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമനം കിട്ടി;

(ഡി) ഇരിങ്ങാലക്കുട എക്സ്ചേഞ്ചിൽ നിന്ന് പാർട്ടൈം തസ്തികയിലേക്ക് വിവിധ വകുപ്പുകളിലേക്ക് ലിസ്റ്റ് അയയ്ക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പേരുകൾ മതിയായത് അയക്കുന്നില്ല എന്ന പരാതിയെപ്പറ്റി അന്വേഷിക്കുമോ;

(ഇ) ഭാവിയിൽ ഇപ്രകാരമുള്ള ലിസ്റ്റുകളിൽ ഹരിജനങ്ങളെ ഉൾപ്പെടുത്തി അയയ്ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) 80 പേരെ അയച്ചിട്ടുണ്ട്.

(ബി) 19 പേർ പട്ടികജാതിക്കാർ. പട്ടികവർഗ്ഗക്കാർ ആരുമില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരാതി ഒന്നും ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

(ഇ) ഹരിജനങ്ങളെ ലിസ്റ്റുകളിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ ഇപ്പോഴത്തെന്ന നിലവിലുണ്ട്.

മലയോരപ്രദേശങ്ങളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്

1652 [2476] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശങ്ങളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പുനഃസംഘടിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly